പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1173 — 11.07.2011-ൽ മറുപടിക്ക്

## ആനക്കയം കാർഷിക ഗവേഷണ കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള ആനക്കയം ഗവേഷണ കേന്ദ്രത്തിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) ആനക്കയം കശുമാവ് ഗവേഷണ കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾ പരിഗണിച്ച് ഈ ഗവേഷണ കേന്ദ്രത്തെ ഒരു കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ നിലവാരത്തിലേക്ക് ഉയർത്തുവാൻ വേണ്ടിയുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടിയായി 21/06/2011-ൽ ഈ ഗവേഷണ കേന്ദ്രത്തെ കാർഷിക ഗവേഷണ കേന്ദ്രമായി പുനർ നാമകരണം ചെയ്തു.<br>മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ കൃഷിക്കാർക്ക് ഉപകാരപ്പെടുന്ന വിധത്തിൽ ആനക്കയം ഗവേഷണ കേന്ദ്രത്തിൽ ഊർജ്ജിത പച്ചക്കറി കൃഷി, പ്രിസിഷൻ ഫാമിംഗ്, ഹൈടെക് ഹോർട്ടികൾച്ചർ, ടിഷ്യൂ കൾച്ചർ എന്നീ മേഖലകളിൽ ഗവേഷണം ഊർജ്ജിതപ്പെടുത്തുവാനും, പ്രസ്തുത ജില്ലകളിലെ കൃഷിക്കാർക്കാവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | കാർഷിക ഗവേഷണ കേന്ദ്രത്തിൽ കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു പഠന കേന്ദ്രം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | ബി) | കാർഷികവൃത്തിക്ക് ആവശ്യമായ പഠന കേന്ദ്രം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ പഠനകേന്ദ്രത്തിൽ താമസസൗകര്യം ഏർപ്പെടുത്തുന്നതാണ്. ടിഷ്യുകൾച്ചർ യൂണിറ്റിന്റെ .നവീകരണം, നഴ്സറിയുടെ വിപുലീകരണം എന്നിവ ഉടനടി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ